നൽകുന്നുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഇൻഡ്യയിൽ വളരെ അംഗീകരിച്ചിട്ടുള്ള ഒരു ഭാഷ എന്നുള്ള നിലയിൽ ഉറുദുവിന്റെ പരിപോഷണത്തിനുവേണ്ടി എല്ലാ കാര്യങ്ങളും ചെയ്യാവുന്നതാണ്. ഉറുദു അക്കാഡമി സ്ഥാപിക്കുക എന്ന ആശയം സർക്കാർ വളരെ ഗൗരവമായി പരിഗണിക്കുന്നതാണ്.

(30) ചാത്തന്നൂരിലെ വിഗ്രഹമോഷണം

ശ്രീ. ജി: പ്രതാപവർമ്മ തമ്പാൻ: സർ, ഇന്ന് ഒരു ടി. വി. ചാനലിൽ മീശമാധവൻ എന്ന സിനിമ വീണ്ടും സംപ്രേഷണം ചെയ്യുന്നു. ഈ സിനിമ കണ്ടുകഴിഞ്ഞാൽ ജനങ്ങളുടെ സംശയം ഏറുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഇന്നുതന്നെ ഉന്നയിക്കുന്നത്. കല്ലുവാതുക്കൽ, മേമനക്കോണം, തിരുനെട്ടറക്കാവ് ഭഗവതി ക്ഷേത്രത്തിലേയും പഴങ്ങാനം ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലേയും പഞ്ചലോഹ വിഗ്രഹങ്ങളും കൊടിമൂട്ടിൽ ഭഗവതിയുടെ കിരീടവും തിരുവാഭരണവും മോഷണം പോകുകയും പരവൂർ പൂറ്റിങ്ങൽ ക്ഷേത്രത്തിലെ കളിത്തട്ട് തീവച്ച് നശിപ്പിക്കുകയും ചേനമത്ത് മഹാദേവർ ക്ഷേത്രത്തിലും താഴത്തെ ഭഗവതി ക്ഷേത്രത്തിലും വഞ്ചി മോഷ്ടിക്കുകയും ചെയ്ത സംഭവത്തിൽ പോലീസ് ഇതുവരെ കുറ്റക്കാരെ കണ്ടുപിടിച്ചിട്ടില്ല. കൊടും വരൾച്ചയ്ക്കിടയിലും ഈ പ്രദേശത്ത് മണൽ മാഫിയയ്ക്ക് പോലീസ് എല്ലാ ഒത്താശയും ചെയ്തു കൊടുക്കുകയാണ്. പരവൂരിലേയും ചാത്തന്നൂരിലേയും സർക്കിൾ ഇൻസ്പെക്ടർമാർ ഇവരുടെ ഏജന്റുമാരായി പ്രവർത്തിച്ചുകൊണ്ടാണ് സഹായം ചെയ്തുകൊണ്ടിരിക്കുന്നത്. വിശ്വാസികളുടെ വിശ്വാസത്തിനു നേരെയുണ്ടായ ആഘാതത്തിന് നാളിതുവരെ നടപടി ഉണ്ടായിട്ടില്ല. എത്രയും പെട്ടെന്ന് കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനായി ഒരു ടെമ്പിൾ സ്ക്വാഡ് രൂപീകരിച്ച് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള ചില സംഭവങ്ങൾ ഇവിടെ നടന്നു. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി. അതിൽ തിരുനെട്ടറക്കാവ് ഭഗവതിക്ഷേത്രത്തിലെ മോഷണം സംബന്ധിച്ച അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചു. കേസ് അന്വേഷണാവസ്ഥയിലാണ്. മറ്റ് രണ്ട് കേസുകളും ഇതുവരെ ഡിറ്റക്ട് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇതുകൂടാതെ 2003 ഏപ്രിൽ 23-ാം തീയതി വെളുപ്പിന് ആരോ പരവൂർ പൂറ്റിങ്ങൽ ക്ഷേത്രത്തിലെ കളിത്തട്ട് തീവച്ച് നശിപ്പിച്ചു. ഇതിൽ പരവൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയെങ്കിലും കുറ്റക്കാരെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ഈ കേസുകളെ സംബന്ധിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly